പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 726 07.11.2016 ലെ മറുപടിക്ക്

## വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആർ. രാജേഷ്<br>ശ്രീ.പി. ഉണ്ണി<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.കാരാട്ട് റസാഖ് | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതെന്നും ലഭിക്കുന്ന പരമാവധി തുകയെത്രയെന്നും അറിയിക്കാമോ; | (എ) | കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷിവകുപ്പ് സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>സംസ്ഥാന സർക്കാർ കർഷകർക്കായി നടപ്പിലാക്കിയിട്ടുള്ള വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ 25 കാർഷിക വിളകളായ തെങ്ങ്, വാഴ, കമുക്, കുരുമുളക് , റബ്ബർ , ഏലം കശുമാവ്,കൈതച്ചക്ക , ഇഞ്ചി, മഞ്ഞൾ, മരിച്ചീനി, കൊക്കോ , നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി , ജാതി ,വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, ഗ്രാമ്പു, നെല്ല് എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.<br>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ, അധിവൃഷ്ടി, അനാവൃഷ്ടി, ശക്തമായ കാറ്റ്, തുടർദിവസങ്ങളിൽ ഉണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാസാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്. |

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി നെല്ല്, കവുങ്ങ്, കരിമ്പ്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഏലം, കൈതച്ചക്ക, വാഴ, ജാതി എന്നീ 10 വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്.

കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭം മൂലം ഉല്പാദനക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം തെങ്ങൊന്നിന് 15 വർഷം വരെ പ്രായമുള്ളവയ്ക്ക് 900 രൂപയും 16 മുതൽ 60 വർഷം വരെ പ്രായമുള്ളവയ്ക്ക് 1750 രൂപയും നഷ്ടപരിഹാരമായി നൽകുന്നതാണ്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പരമാവധി ലഭിക്കുന്ന തുകയുടെ വിശദാംശം അനുബന്ധം 1-ൽ കണ്ടാലും

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പരമാവധി ലഭിക്കുന്ന നഷ്ടപരിഹാരത്തുകയുടെ വിശദവിവരങ്ങൾ ഇതോടൊപ്പം അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു.

**(ബി)** പ്രകൃതി ക്ഷോഭം മൂലമുള്ള കൃഷിനാശമല്ലാതെ ഏതെങ്കിലും തരത്തിലുള്ള കൃഷി നാശത്തിന് ഇൻഷ്വറൻസ് പരിരക്ഷയുണ്ടോ; വിശദാംശം അറിയിക്കുമോ;

**(സി)** വന്യമൃഗങ്ങൾ വരുത്തിവയ്ക്കുന്ന കൃഷിനാശത്തിനും കീടബാധകൊണ്ടും വൈറസ് ബാധകൊണ്ടും ഉണ്ടാകുന്ന വിളനാശത്തിനും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ സാധിക്കുമോ എന്ന് അറിയിക്കുമോ?

**(ബി) & (സി)** സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശം കൂടാതെ വന്യമൃഗങ്ങളുടെ ആക്രമണം കൊണ്ട് ഉണ്ടാകുന്ന കൃഷിനാശത്തിന് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട 25 വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വന്യമൃഗങ്ങൾ വരുത്തി വയ്ക്കുന്ന കൃഷിനാശത്തിനും വൈറസ് ബാധകൊണ്ടും കീടരോഗബാധകൊണ്ടും ഉണ്ടാകുന്ന നെൽകൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം വൈറസ് ബാധകൊണ്ടും കീടരോഗബാധകൊണ്ടും ഉണ്ടാകുന്ന കൃഷി നാശത്തിനും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1 സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

| ക്രമ. നം. | വിളകൾ | നഷ്ടപരിഹാര തോത് |
|---|---|---|
| 1 | തെങ്ങ് | തെങ്ങൊന്നിന് 1000 രൂപ |
| 2 | കമുക് | ഒരു മരത്തിന് 100 രൂപ |
| 3 | റബ്ബർ | ഒരു മരത്തിന് 500 രൂപ |
| 4 | കശുമാവ് | ഒരു മരത്തിന് 200 രൂപ |
| 5 | വാഴ (ഏത്തൻ, കപ്പ പാളയം തോടൻ, റോബസ്റ്റ) | കുലയ്ക്കാത്തതിന് 20 രൂപ<br>കുലച്ചതിന് 50 രൂപ |
| 6 | മരച്ചീനി | 0.02 ഹെക്ടറിന് 100 രൂപ (ഹെക്ടറൊന്നിന് 5000 രൂപ) |
| 7 | കൈതച്ചക്ക | 00.02 ഹെക്ടറിന് 500 രൂപ (ഹെക്ടറൊന്നിന് 25000 രൂപ) |
| 8 | കുരുമുളക് | ഓരോ താങ്ങുമരത്തിലും ഉള്ളതിന് 40 രൂപ വീതം |
| 9 | ഏലം | ഹെക്ടർ 1 ന് 30000 രൂപ |
| 10 | ഇഞ്ചി | 0.02 ഹെക്ടറിന് 800 രൂപ (ഒരു ഹെക്ടറിന് 40000 രൂപ) |
| 11 | മഞ്ഞൾ | 0.02 ഹെക്ടറിന് 800 രൂപ |
| 12 | കാപ്പി | ഒരു മരത്തിന് 75 രൂപ |
| 13 | തേയില | ഹെക്ടറൊന്നിന് 60,000 രൂപ ഇൻഷ്വർ ചെയ്തതിന്റെ 10% ഓ 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകാവുന്നതാണ്. |
| 14 | കൊക്കോ | ഒരു മരത്തിന് 35 രൂപ |
| 15 | നിലക്കടല | 0.1 ഹെക്ടറിന് 800 രൂപ (ഹെക്ടറൊന്നിന് 500 രൂപ) |
| 16 | എള്ള് | 0.1 ഹെക്ടറിന് 500 രൂപ (ഹെക്ടർ ഒന്നിന് 5000 രൂപ) |
| 17 | പച്ചക്കറി (പന്തലുള്ളവയും പന്തൽ ഇല്ലാത്തവയും) | 10 സെന്റിന് 800 രൂപ (പന്തലില്ലാത്തവക്ക് ഹെക്ടറൊന്നിന് 20000 രൂപ) 10 സെന്റിന് 1600 രൂപ (40000 രൂപ പന്തലുള്ളവയ്ക്ക് ഹെക്ടറിന്) |
| 18 | ജാതി | ഒരു മരത്തിന് 200 രൂപ |
| 19 | ഗ്രാമ്പൂ | ഒരു മരത്തിന് 150 രൂപ |
| 20 | വെറ്റില | ഒരു സെന്റിന് 250 രൂപ |
| 21 | പയർവർഗ്ഗങ്ങൾ | 0.1 ഹെക്ടറിന് 250 രൂപ (ഹെക്ടറിന് 2500 രൂപ) |
| 22 | കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്) | ചേന — ഹെക്ടറിന് 25000 രൂപ (0.02 ഹെക്ടറിന് 500 രൂപ)<br>മധുരക്കിഴങ്ങ് - ഹെക്ടറിന് 10000 രൂപ (0.02 ഹെക്ടറിന് 200 രൂപ) |
| 23 | കരിമ്പ് | 0.1 ഹെക്ടറിന് 3000 രൂപ (30000/ഹെക്ടർ) |
| 24 | പുകയില | 0.02 ഹെക്ടറിന് 400 രൂപ (20000/ഹെക്ടർ) |
| 25 | നെല്ല് | (45 ദിവസത്തിനകമുള്ള വിളകൾക്ക് 7500/- രൂപ ഹെക്ടറിന്) 45 ദിവസത്തിനു ശേഷമുള്ള വിളകൾക്ക് 12500/- രൂപ കീടരോഗബാധ കൃഷിഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |

## അനുബന്ധം 2
## കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി

| ക്രമ നം | വിള | നഷ്ടപരിഹാരതുക (ഹെക്ടറിന്) |
|---|---|---|
| 1 | നെല്ല് | 50.000 |
| 2 | കുരുമുളക് | 50,000 |
| 3 | ഇഞ്ചി | 1,00000 |
| 4 | കരിമ്പ് | 35,000 |
| 5 | മഞ്ഞൾ | 60.000 |
| 6 | അടയ്ക്ക | 50.000 |
| 7 | ഏലം | 45,000 |
| 8 | വാഴ | 1,00000 |
| 9 | കൈതച്ചക്ക | 35,000 |
| 10 | ജാതി | 50.000 |

സെക്ഷൻ ഓഫീസർ